**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 3950 — 24.06.2014-ൽ മറുപടിയ്ക്ക്

## സ്വന്തമായി വാഹനമില്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

**ചോദ്യം**
ശ്രീ.ഇ.ചന്ദ്രശേഖരൻ
ശ്രീ.വി.ശശി
ശ്രീമതി.ഗീതാ ഗോപി
ശ്രീ.ചിറ്റയം ഗോപകുമാർ

**മറുപടി**
കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ ക്ഷേമ വകുപ്പിനു കീഴിൽ എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകളുണ്ട്; ഇതിൽ സ്വന്തമായി വാഹനങ്ങളില്ലാത്ത എത്ര സ്ഥാപനങ്ങളുണ്ട്; തന്മൂലം കുട്ടികളെ ആശുപത്രികളിൽ കൊണ്ടു പോകുന്നതു പോലെയുള്ള കാര്യങ്ങളിൽ പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി വാഹനമില്ലാത്ത 16 എം.ആർ.എസുകളുണ്ട്. സ്വന്തമായി വാഹനമില്ലാത്തതുമൂലം പ്രയാസം നേരിടുന്നുണ്ട്. |
| ബി) | നിലവിൽ വാഹനങ്ങൾ ഇല്ലാത്ത സ്കൂളുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സ്ഥാപനങ്ങൾക്ക് വാഹനങ്ങൾ അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നു വിശദമാക്കുമോ; | ബി) | നിലവിൽ വാഹനങ്ങളില്ലാത്ത സ്കൂളുകളുടെ വിവരങ്ങൾ അനുബന്ധം 1- ആയി ചേർത്തിരിക്കുന്നു. കുട്ടികളെ ആശുപത്രികളിൽ കൊണ്ടുപോകുന്നതു പോലെയുള്ള അത്യാവശ്യഘട്ടങ്ങളിൽ 108 ആംബുലൻസിന്റെ സേവനം ലഭ്യമാക്കുന്നതിനും, മറ്റ് ആവശ്യങ്ങൾക്ക് ടാക്സി വാഹനങ്ങൾ വാടകയ്ക്ക് ഏർപ്പെടുത്തുന്നതിനും സർക്കാർ അനുമതി |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ ആവശ്യത്തിലേക്കായി കോൺട്രാക്ട് അടിസ്ഥാനത്തിൽ വാഹനങ്ങൾ എടുക്കുന്നതിന് ഐ.റ്റി.ഡി.പി.പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. |
| സി) | മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ? | സി) | മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിദ്യോദയം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. എം.ആർ.എസ്സുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ നിർമ്മാണം, നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ, ടോയ് ലറ്റ് നിർമ്മാണം, കുടിവെള്ള പദ്ധതികൾ, ബഞ്ച്, ഡസ്ക്, കട്ടിൽ തുടങ്ങിയ ഫർണിച്ചറുകൾ നൽകൽ മറ്റ് അവശ്യ ഉപകരണങ്ങളായ കമ്പ്യൂട്ടർ, ടെലിവിഷൻ എന്നിവയും ലഭ്യമാക്കുന്നുണ്ട്. സ്കൂളുകളിൽ സയൻസ്, കമ്പ്യൂട്ടർ ലാബുകൾ, ലൈബ്രറികൾ മെച്ചപ്പെടുത്തൽ, സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കൽ എന്നിവയ്ക്കും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ